**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 8281 707 785

H2-01/2023/KSHC

Date: 03-01-2023.

# ഹജ്ജ് 2023 അപേക്ഷ.

കരിപ്പൂർ: ഹജ്ജ് 2023 നുള്ള അപേക്ഷ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നിന്നും ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ലെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ നിന്നും അറിയിച്ചു. നോട്ടിഫിക്കേഷൻ വരുന്ന മുറക്ക് അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നതാണ്.

2023 ജനുവരി ഒന്നു മുതൽ ഹജ്ജ് അപേക്ഷ സ്വീകരിച്ചു തുടങ്ങുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാന്റെ പത്ര പ്രസ്താവനയെത്തുടർന്ന് ധാരാളം പേർ നേരിലും അല്ലാതെയും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ വിശദീകരണം. കന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്ന് ഹജ്ജ് പോളിസിയുടെ കരടു രേഖ മാത്ര മാണ് ഇപ്പോൾ ഹജ്ജ് കമ്മിറ്റി ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ഇത് കേന്ദ്ര ന്യൂനപക്ഷ മന്ത്രായലം ഫൈനൽ ചെയ്ത ശേഷം, ഹജ്ജ് അപേക്ഷാ മാർഗ്ഗനിർദ്ദേശങ്ങളും നോട്ടിഫിക്കേഷനും കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നിന്നും ലഭിക്കുന്ന മുറക്ക് മാത്രമെ ഈ വർഷത്തെ ഹജ്ജ് അപേക്ഷ കൾ സ്വീകരിച്ചു തുടങ്ങുകയുള്ളൂ എന്ന് പ്രത്യേകം അറിയിക്കുന്നു.

അപേക്ഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒഫീസ് മുഖേനയും ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക ഹജ്ജ് ട്രൈനർമാർ മുഖേനയും ലഭ്യമാക്കുന്നതാണ്. ഒഫീസ് ഫോൺ നമ്പർ: 0483-2710717, 2717572. സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് മറ്റു ഏജൻസികളോ അനുബന്ധ സ്ഥാപനങ്ങളോ ഇല്ല. വ്യക്തികളോ സംഘടനകളോ നടത്തുന്ന പ്രവർത്തനങ്ങൾക്കോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്ന വാർത്തകൾക്കോ ഹജ്ജ് കമ്മി റ്റിക്ക് യാതൊരുവിധ ഉത്തരവദിത്വവുമുണ്ടായിരിക്കുന്നതല്ല. ആയതിനാൽ ഹജ്ജ് അപേക്ഷകർ വിവരങ്ങൾക്ക് ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക സംവിധാനങ്ങളെ മാത്രം ആശ്രയിക്കേണ്ടതാണ്.

## ബഹു. സംസ്ഥാന ഹജ്ജ് കാര്യ വകുപ്പ് മന്ത്രി വി. അബ്ദു റഹ്മാന് പ്രത്യേക അഭിനന്ദനം.

2023 ലെ ഹജ്ജ് പുറപ്പെടൽ കേന്ദ്രങ്ങളിൽ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് മുന്തിയ പരിഗണന നൽകുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രിയേയും, ഹജ്ജ് സംബന്ധമായ കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രിയേയും നേരിൽ കണ്ട് നിവേദനം സമർപ്പിക്കുകയും ആവശ്യമായ നിരന്തര ഇടപെടലുകൾ നടത്തുകയും ചെയ്ത ബഹു. സംസ്ഥാന ഹജ്ജ് കാര്യ വകുപ്പ് മന്ത്രി വി. അബ്ദു റഹ്മാനെ ചെയർമാൻ സി. മുഹമ്മദ് ഫൈസിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഹജ്ജ് കമ്മിറ്റി യോഗം പ്രത്യേകം അഭിനന്ദിച്ചു. കരിപ്പൂരിലെ റൺവേ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാറും ബഹു. മന്ത്രിയും നടത്തുന്ന ഇടപെടലുകൾ അങ്ങേയറ്റം പ്രശംസനീയമാണെന്നും യോഗം അഭിപ്രായപ്പെട്ടു. യോഗത്തിൽ പി.വി. അബ്ദുൽ വഹാബ് എം.പി., മുഹമ്മദ് മുഹ്സിൻ എം.എൽ.എ, അഡ്വ. ടി.കെ. ഹംസ, സഫർ എ. കയാൽ, അഡ്വ. കെ. മൊയ്തീൻകുട്ടി, കടക്കൽ അബ്ദുൽ അസീസ് മൗലവി, മുഹമ്മദ് കാസിം കോയ, കെ. ഉമർ ഫൈസി മുക്കം, ഡോ. ഐ.പി. അബ്ദുസ്സലാം, പി.പി മുഹമ്മദ് റാഫി എന്നിവർ സംബന്ധിച്ചു. അസിസ്റ്റന്റ് സെക്രട്ടറി എൻ. മുഹമ്മദലി സ്വാഗതം പറഞ്ഞു.

(Websites:https://hajcommittee.gov.in, https://keralahajcommittee.org)

**ചെയർമാൻ.**
**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.**

Kerala State Haj Committee
Malappuram Pin 673 647
Haj House, P.O. Calicut Airport